LIBRARY ARCHIVES Kerala Legislative Assembly

ടൂറിസം മേഖലയിലെ സ്വകാര്യ നിക്ഷേപം

275 (2555) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് ടൂറിസം മേഖലയിലെ സ്വകാര്യ നിക്ഷേപം എത്ര കോടി രൂപയാണ്; വർഷം തിരിച്ച് വെളിപ്പെടുത്താമോ;

(ബി) ടൂറിസം മേഖലയിൽ സർക്കാർ-സ്വകാര്യ സംയുക്ത സംരംഭങ്ങൾ വഴി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ടൂറിസം മേഖലയിലെ സ്വകാര്യ നിക്ഷേപം സംബന്ധിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല.

(ബി) പാലായിലേയും പരിസര പ്രദേശങ്ങളിലേയും ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങൾ ഉൾക്കൊള്ളിച്ച് "ഗ്രീൻ ടൂറിസം സർക്യൂട്ട്-കോട്ടയം" എന്ന പേരിൽ 8970 ലക്ഷം രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ (PPP) നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള സ്വകാര്യ പങ്കാളിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ടേക്ക്-എ-ബ്രേക്ക് പദ്ധതി

276 (2556) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പ് പ്രഖ്യാപിച്ച ടേക്ക്-എ- ബ്രേക്ക്പദ്ധതി നടപ്പിലാക്കിത്തുടങ്ങിയോ ;

(ബി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം കേന്ദ്രങ്ങളാണ് ഇതിനായി തെരഞ്ഞെടുക്കുന്നത്;

(സി) ഓരോ കേന്ദ്രത്തിനും പദ്ധതി നടത്തിപ്പിനായി എത്ര രൂകയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട് ;

(ഡി) ടേക്ക്-എ- ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ എത്ര കേന്ദ്രങ്ങൾക്കാണ് ഭരണാനുമതി നൽകിയത്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?